"ഭരണഭാഷ - മാതൃഭാഷ"

DGE/12559/2025-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **14-04-2026**

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -2025-26 അധ്യയന വർഷം അഞ്ച് മുതൽ ഒൻപത് വരെ ക്ലാസുകളിലെ വാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുള്ള പഠനപിന്തുണാ പരിപാടി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കാർ ഉത്തരവ് (കൈ) നം. 103/2024/പൊ.വി.വ. തീയതി 16/08/2024.

2. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 06/04/2026-ലെ SCERT/359/2024- CLP15 നമ്പർ കത്ത്.

*****

കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ടാണ് വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളും അതിന്റെ വിലയിരുത്തൽ പ്രക്രിയയും വിഭാവനം ചെയ്തിട്ടുള്ളത്. അറിവ് നിർമ്മാണപ്രക്രിയയെ വികാസപ്രദ വിലയിരുത്തലിലൂടെയും (Formative Assessment) ആത്യന്തിക വിലയിരുത്തലിലൂടെയും (Summative Assessment) വിലയിരുത്തി പഠനപിന്തുണാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. ഇതുവഴി എല്ലാ പഠിതാക്കളെയും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങളിലേക്ക് എത്തിക്കാനാവും. നിശ്ചിത പഠനലക്ഷ്യങ്ങൾ ആർജിക്കാതെ തുടർപഠനം നടത്തുന്നത് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ആർജിക്കുന്നതിന് വിലങ്ങുതടിയാകും. ഈ സാഹചര്യത്തിൽ അതത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ നേടിയെന്ന് കൃത്യമായി ഉറപ്പുവരുത്തുകയും തുടർപഠനം സുഗമമാക്കുകയും ചെയ്യുക എന്നത് ഓരോ അധ്യാപകരുടെയും ചുമതലയാണ്. ഇതിനനുസൃതമായി സ്കൂൾ സംവിധാനവും ക്രിയാത്മകമായ ഇടപെടലുകൾ നടത്തണം.

ഗ്രേഡിംഗ് രീതി

ക്ലാസ് 5 മുതൽ 8 വരെ - 5 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡും സ്കോറും

ശതമാനം	ഗ്രേഡ്
80-100	A – Outstanding
60-79	B - Very Good

40-59	C – Good
30-39	D - Satisfactory
30 -ൽ താഴെ	E – Needs Improvement

ക്ലാസ് 9 - 9 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡും സ്കോറും

സ്കോർ (ശതമാനം)	ഗ്രേഡ്
90-100	A+ – Outstanding
80-89	A - Excellent
70-79	B+ - Very Good
60-69	B - Good
50-59	C+ - Above Average
40-49	C - Average
30-39	D+ - Satisfactory
20-29	D – Needs Improvement
20 -ൽ താഴെ	E - unsatisfactory

പഠനപിന്തുണാപ്രവർത്തന നിർദേശങ്ങൾ

- വാർഷിക പരീക്ഷയിൽ ഓരോ വിദ്യാർഥിക്കും ലഭിച്ച വിവിധ വിഷയങ്ങളിലെ സ്കോർ സമ്പൂർണ്ണ പ്ലസിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.
- വാർഷികപരീക്ഷയിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലാസ്ടീച്ചർ ലിസ്റ്റ് ചെയ്യുന്നു. (5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ E ഗ്രേഡും ഒൻപതാം ക്ലാസ്സിൽ D, E ഗ്രേഡുകളും നേടിയ കുട്ടികളെയാണ് പരിഗണിക്കേണ്ടത്).

പഠനപിന്തുണാ പ്രവർത്തന സമയക്രമം

പ്രവർത്തനങ്ങൾ	ചുമതല	സമയക്രമം
വാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കൽ, പരീക്ഷാഫല പ്രസിദ്ധീകരണം, പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ	അധ്യാപകർ/ പ്രഥമാദ്ധ്യാപകർ	2026 ഏപ്രിൽ 17

പഠനപിന്തുണയുമായി ബന്ധപ്പെട്ട് വിദ്യാലയ തല ആസൂത്രണം	അധ്യാപകർ, എസ്.ആർ.ജി കൺവീനർ	2026 ഏപ്രിൽ 18
പഠന പിന്തുണ ആവശ്യമായ കുട്ടികളുടെ വിവരങ്ങൾ രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തൽ	ക്ലാസ് പി.ടി.എ	2026 ഏപ്രിൽ 18
പഠന പിന്തുണാ പ്രവർത്തനങ്ങളുടെ നിർവഹണം	അദ്ധ്യാപകർ	2026 ഏപ്രിൽ 20-27
പ്രത്യേക ശ്രദ്ധ ആവശ്യമായ കുട്ടികൾക്കായുള്ള പുനഃവിലയിരുത്തൽ	അധ്യാപകർ	2026 ഏപ്രിൽ 28-30
ഫലപ്രഖ്യാപനം	പ്രഥമാദ്ധ്യാപകൻ	2026 മെയ് 02

പൊതു നിർദേശങ്ങൾ

- എല്ലാ ക്ലാസുകളിലേയും വർഷാന്ത്യപരീക്ഷയുടെ ഉത്തരക്കടലാസുകൾ സ്കൂളുകളിൽ സൂക്ഷിച്ചു വയ്ക്കേണ്ടതും വിദ്യാഭ്യാസ ആഫീസർമാരുടെ പരിശോധനയിൽ ഹാജരാക്കേണ്ടതുമാണ്.
- പഠനപിന്തുണ ആവശ്യമായ വിഷയങ്ങളിൽ മാത്രം ക്ലാസുകൾ നടത്തിയാൽ മതിയാകുന്നതാണ്.
- പുനർ വിലയിരുത്തലിന് ശേഷവും മിനിമം സ്കോർ/ഗ്രേഡ് ലഭ്യമാകാത്ത അഞ്ചു മുതൽ എട്ടുവരെ ക്ലാസുകളിലെ കുട്ടികളെ അടുത്ത ക്ലാസ്സിലേക്ക് പ്രവേശിപ്പിക്കുകയും രണ്ടാഴ്ചത്തെ ബ്രിഡ്ജിംഗ് നൽകി നിശ്ചിത പഠന ലക്ഷ്യങ്ങളിൽ എത്തിക്കേണ്ടതുമാണ്. ഒൻപതാം ക്ലാസിലെ കുട്ടികളുടെ ക്ലാസുകയറ്റത്തിനു കെ.ഇ.ആർ. വ്യവസ്ഥകൾ ആണ് ബാധകം.
- പഠനപിന്തുണ ക്ലാസുകൾ രാവിലെ 9.30 മുതൽ 12.30 വരെയാണ് നടത്തേണ്ടത്.
- ടൈബൽ മേഖലയിൽ യാത്രാക്ലേശം നേരിടുന്ന എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ യാത്ര പി.ടി.എ/ സ്കൂൾ അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.
- എം.ആർ.എസ് സ്കൂളുകളിൽ കുട്ടികളുടെ താമസവും മറ്റു സൗകര്യങ്ങളും ഏർപെടുത്തി ബന്ധപെട്ട അധികാരികൾ അധിക പിന്തുണ ഉറപ്പാക്കേണ്ടതാണ്.
- ബന്ധപെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവരുടെ സഹായങ്ങൾ പഠനപിന്തുണ ക്ലാസ്സുകൾക്ക് ലഭ്യമാക്കേണ്ടതാണ്
- ഗുരുതരമായ ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് അധിക പിന്തുണ പ്രവർത്തനത്തിൽ

നിന്നും ഇളവുനൽകേണ്ടതാണ്.

വിദ്യാഭ്യാസ ഓഫീസർമാർ ജില്ലാതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- പഠനപിന്തുണാ പ്രവർത്തനങ്ങളുടെ ആസൂത്രണം ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടതാണ്.
- വിദ്യാലയങ്ങളിൽ നടക്കുന്ന പഠനപിന്തുണ പ്രവർത്തനങ്ങൾ DDE SCERT ഫാക്കൽറ്റി അംഗങ്ങൾ, DIET ഫാക്കൽറ്റി അംഗങ്ങൾ, DEO, AEO, DPC, DPO, BPC എന്നിവർ സംയുക്തമായി സന്ദർശിച്ച് വിലയിരുത്തേണ്ടതാണ്. സന്ദർശനവേളയിൽ എല്ലാ ക്ലാസുകളിലേയും നിശ്ചിത എണ്ണം ഉത്തരക്കടലാസുകൾ പരിശോധിച്ച് മൂല്യനിർണ്ണയ രീതി കൃത്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്.
- പഠനപിന്തുണാ പ്രവർത്തനങ്ങൾക്കാവശ്യമായ അക്കാദമിക ഇടപെടലുകൾ ഡയറ്റും സമഗ്രശിക്ഷയും ചേർന്ന് നടത്തേണ്ടതാണ്.
- പഠനപിന്തുണ പ്രവർത്തനങ്ങളുടെ പുരോഗതിയും ഫലപ്രാപ്തിയും PEC യോഗ ങ്ങളിൽ അവലോകനം ചെയ്യേണ്ടതും പഞ്ചായത്തുകളുടെ ആവശ്യമായ സഹായങ്ങൾ അതത് വിദ്യാലയങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
- ഓരോ വിഷയത്തിലും ഓരോ കുട്ടിയും നേടിയ പുരോഗതി അവലോകനം നടത്തി ജില്ലാതല ക്രോഡീകരണ റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

Digitally signed by Asif K Yusuf
Date: 14-04-2026 10:20:50

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽ മാർക്കും
3. എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഡി.പിസി മാർക്കും (എസ്.എസ്.കെ)
5. എല്ലാ ഡി.പി.ഒ മാർക്കും (എസ്.എസ്.കെ)
6. എല്ലാ പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്: 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
2. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം

3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്